ജില്ലയിൽ കമ്മ്യൂണിറ്റി കിച്ചണുകളില് ഇന്ന് ഭക്ഷണം നൽകിയത് 12790 പേർക്ക്

ആലപ്പുഴ: കോവിഡ് 19ന്റെ പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തില് ആവശ്യമുള്ളവർക്ക് ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ച കമ്മ്യൂണിറ്റി കിച്ചണുകള് വഴി ജില്ലയിലെ പഞ്ചായത്തുകളിൽ ബുധനാഴ്ച 10018 പേർക്ക് ഉച്ചഭക്ഷണം നൽകിയെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര് പി.എം.ഷഫീഖ് അറിയിച്ചു. ഇതിൽ 251 അതിഥി തൊഴിലാളികളും ഉൾപ്പെടും. 8450 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്. നഗരസഭകളുടെ കീഴിൽ ജില്ലയില് 2772 പേർക്ക് ഉച്ചഭക്ഷണം നൽകിയതായി നഗരസഭകളിലെ കമ്മ്യൂണിറ്റി കിച്ചണുകളുടെ ചുമതലയുള്ള സി. പ്രേംജി അറിയിച്ചു. 1702 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്. ഇതിൽ 91 അതിഥി തൊഴിലാളികളും ഉൾപ്പെടും.

യാത്രയയപ്പ്  ചടങ്ങിനായി കരുതിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി ഡോക്ടർമാരുടെ സംഘം

ആലപ്പുഴ : സഹപ്രവർത്തകന്റെയും പ്രിയപ്പെട്ട ഗുരുനാഥന്റെയും ജോലിയിൽ നിന്നുള്ള വിരമിക്കൽ ചടങ്ങിനായി കരുതിയിരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡോക്ടർമാരും വിദ്യാർത്ഥികളും.  ദീർഘകാലം ആലപ്പുഴയുടെ ആതുരസേവന മേഖലയിൽ പ്രവർത്തിച്ച ആലപ്പുഴ മെഡിക്കൽ കോളേജിലെ ജെനറൽ മെഡിസിൻ വിഭാഗം മേധാവി ടി. ഡി ഉണ്ണികൃഷ്ണൻ കർത്തക്ക് യാത്രയയപ്പ് നൽകാൻ ഡോക്ടർമാരും വിദ്യാർത്ഥികളും ചേർന്നു സ്വരൂപിച്ച 107701 രൂപയാണ് ജില്ലാ കളക്ടർ എം. അഞ്ജനക്ക് ഇവർ കൈമാറിയത്.  ലോകമാകെ കൊറോണക്കെതിരെയുള്ള പോരാട്ടത്തിൽ നിൽക്കുമ്പോൾ

ആഘോഷങ്ങൾ ഒന്നും വേണ്ടെന്ന മാതൃകാപരമായ തീരുമാനമാണ് മെഡിക്കൽ കോളേജിലെ ജെനറൽ മെഡിസിൻ വിഭാഗം കൈക്കൊണ്ടത്. ആരോഗ്യ പ്രവർത്തകരടക്കം രാപകലില്ലാതെ കൊറോണക്കെതിരെയുള്ള പ്രതിരോധത്തിൽ അക്ഷീണം പ്രവർത്തിക്കുമ്പോൾ ആഘോഷങ്ങൾക്കല്ല ഇത്തരം സഹായങ്ങൾക്കാണ് പ്രാധാന്യം നൽകുന്നതെന്ന് തുക കൈമാറിയ ശേഷം ഡോ : ടി. ഡി ഉണ്ണികൃഷ്ണൻ കർത്ത പറഞ്ഞു. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ : ആർ. വി രാംലാലിനൊപ്പം എത്തിയാണ് ഡോ : കർത്ത കലക്ടർക് തുക കൈമാറിയത്.

ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി

തലവടി തുണ്ടിയിൽ വീട്ടിൽ ശ്രീ.മനോജിന്റെയും ശ്രീമതി.ബിന്ദു മനോജിന്റെയും മകനായ മാസ്റ്റർ കാർത്തിക് മനോജ് തനിക്ക് ലഭിച്ച വികലാംഗ പെൻഷൻ തുകയിൽ നിന്നും 10000 രൂപ 5000 രൂപ വീതം' പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും സംഭാവന നൽകി.കുട്ടനാട് തഹസിൽദാർ വിജയ്സേനൻ തുക കാർത്തിക്കിൽ നിന്നും ഏറ്റുവാങ്ങി. (ചിത്രമുണ്ട്)
ആലപ്പുഴ ഡിസ്ട്രിക്ട് പരിവാർ ഫെഡറേഷൻ ഓഫ് പാരൻസ് ഓർഗനൈസേഷൻ ഓഫ് പേഴ്സൺ വിത്ത് ഡിസബിലിറ്റീസ് 12000 (പന്ത്രണ്ടായിരം രൂപ രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി. ജില്ലാ കലക്ടർ സംഘടനാ പ്രതിനിധികളിൽ നിന്ന് തുക ഏറ്റുവാങ്ങി.

വിധവ പെൻഷന്റെ വിഹിതം ദുരിതാശ്വാസനിധിയിലേക്ക്

ആലപ്പുഴ :തനിക്ക് കിട്ടിയ വിധവ പെൻഷന്റെ ഒരു ഓഹരി മുഖ്യമന്ത്രിയുടെ ദുരിശ്വാശ്വാസനിധിയിലേക്ക് നൽകി അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് നാലാം വാർഡിൽ കേരള ഹൗസിൽ തമിഴ്നാട് സ്വദേശി തിലകയും കുടുംബവും. തെരുവോരങ്ങളിൽ ആക്രി പെറുക്കി ഉപജിവനം നടത്തുന്ന തിലക കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി തിലകയും മകളും വിട്ടിൽ തന്നെ യാണ്. മറ്റ് മൂന്നു മക്കൾ ആലുവ ജന സേവ ശിശുഭവനിൽ നിന്ന് പഠിക്കുന്നു.22 വർഷമായി അമ്പലപ്പുഴയിലും പരിസരത്തും ആക്രി പെറുക്കി ജീവിച്ചിരുന്ന തിലകയുടെ ഭർത്താവ് മാരിയപ്പൻ രണ്ട് വർഷം മുൻപ് മരണപ്പെട്ടു.

തങ്ങൾക്ക് അന്നം തന്ന നാട്ടിൽ ഒരു അപത്ത് വന്നപ്പേൾ തങ്ങളിലാകുന്ന ചെറുതെങ്കിലും ഒരു സഹായം എന്ന നിലക്കാണ് മുഖ്യമന്ത്രിയുടെ ദുരിത്യാശ്വാസ നിധിയിലേക്ക് നൽകുവാൻ തിരുമാനിച്ചത്. ഒരു മാസത്തെ വിധവ പെൻഷന്റെ തുക ആമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് അംഗം യു എം കബീറിന് കൈമാറുകയും, മെമ്പർ ഇന്നലെ തുക ജില്ലാ കളക്ടർ എം അഞ്ജനയ്ക്ക് കൈമാറുകയും ചെയ്തു. പ്രളയ സമയത്തും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭവന നൽകി തിലക മാതൃകയായിരുന്നു.